ഉത്തരം

(എ) സംസ്ഥാനത്ത് 1998-99 വർഷത്തിൽ ഐ.ആർ.ഡി.പി. ഗുണഭോക്താക്കളായി 39,836 കുടുംബങ്ങൾ ഉണ്ട്.

(ബി) ഇവരിൽ പട്ടികജാതി 12,750-ഉം പട്ടികവർഗ്ഗം 875-ഉം മറ്റുള്ളവർ-26,211-ഉം ഉണ്ട്.

(സി) ഇവർക്ക് സബ്സിഡിയായി 2,081.45 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(ഡി) ഇതിൽ 1,040.725 ലക്ഷം രൂപ കേന്ദ്രസഹായമായിരുന്നു.

(ഇ) 1998-99-ൽ സഹായിച്ച എല്ലാ കുടുംബങ്ങളുടേയും ആസ്തി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളു. ഇതു കഴിഞ്ഞശേഷം മാത്രമേ എത്ര കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയെന്ന് കണക്കാക്കാൻ കഴിയുകയുള്ളു.

18 (2709) ഗ്രാമീണമേഖലയിൽ ഭവനനിർമ്മാണ പദ്ധതി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്രരേഖയ്ക്കു തൊട്ടുമുകളിലുള്ള ഗ്രാമീണമേഖലയിലെ ജനങ്ങൾക്കു വീട് വയ്ക്കാനുള്ള പദ്ധതി ഗ്രാമവികസനവകുപ്പ് ആവിഷ്കരിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വാർഷിക കുടുംബവരുമാനം 32,000/- രൂപവരെയുള്ള ഗ്രാമീണ കുടുംബങ്ങൾക്കായി സഹായധനവും വായ്പയും നൽകി ഒരു കേന്ദ്രാവിഷ്കൃത ഗ്രാമീണ ഭവനനിർമ്മാണ പദ്ധതി ഈ സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രയോജനം ദാരിദ്ര്യരേഖയ്ക്ക് തൊട്ടുമുകളിലുള്ള ജനങ്ങൾക്കും ലഭിക്കുന്നതാണ്.

(ബി) ഈ സ്കീമനുസരിച്ച് ഭവന നിർമ്മാണത്തിനുള്ള വായ്പയുടെ പരിധി 40000/- രൂപയായിരിക്കും. സഹായധനം (സബ്സിഡി) പരമാവധി 10000/- രൂപയുമായിരിക്കും. സബ്സിഡി തുക കേന്ദ്രസംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ വഹിക്കും. ഈ സ്കീമിന്റെ ഗുണഭോക്താക്കളാകുന്നതിന് നിശ്ചയിച്ചിട്ടുള്ള വാർഷിക കുടുംബവരുമാനം 32000 രൂപയാണെങ്കിലും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളയാളുകൾക്ക് മുൻഗണന നൽകും.

19 (2710) ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം പദ്ധതിയിൽ ഗ്രാമീണമേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly